ദേശീയ വായനമാസാചരണം ഇന്ന് സമാപിക്കും

തിരുവനന്തപുരം: 21 സംസ്ഥാനങ്ങളിലായി നടന്നുവരുന്ന പി. എൻ. പണിക്കർ ദേശീയ വായന മാസാചരണം ഇന്ന് സമാപിക്കും. വൈകിട്ട് 5. 30ന് ഡൽഹി കോൺസ്റ്റിറ്റ്യൂഷൻ ക്ലബിലെ സ്പീക്കേഴ്സ് ഹാളിൽ സമാപന സമ്മേളനം കേന്ദ്രമന്ത്രി അരുൺ ജയ്റ്റ്ലി ഉദ്ഘാടനം ചെയ്യും. കേന്ദ്രമന്ത്രി ഡോ. മഹേഷ്ശർമ്മ അദ്ധ്യക്ഷത വഹിക്കും. രാജ്യസഭ ഉപാദ്ധ്യക്ഷൻ പ്രൊഫ. പി. ജെ. കുര്യൻ അനുസ്മരണ പ്രഭാഷണം നടത്തും. ജൂൺ 17ന് എറണാകുളം സെന്റ് തെരേസാസ് കോളേജിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് 22-ാമത് വായനമാസാചരണം ഉദ്ഘാടനം ചെയ്തത്.

പുഷ്പഗിരി ഡെന്റൽ കോളേജിലെ ഫീസ് ഓപ്ഷനിൽ വ്യക്തമാക്കണമെന്ന് ഹൈക്കോടതി

കൊച്ചി: സ്വാശ്രയ സ്ഥാപനമായ പുഷ്പഗിരി ഡെന്റൽ കോളേജിലെ ബി.ഡി.എസ് ഫീസ് 3.29 ലക്ഷം രൂപയായിരിക്കുമെന്ന് ഓപ്ഷനിൽ പ്രത്യേകം വ്യക്തമാക്കാൻ ഹൈക്കോടതി നിർദേശിച്ചു. ഫീസ് നിർണയ സമിതി സ്വാശ്രയ ഡെന്റൽ കോളേജുകളിലേക്ക് 2.90 ലക്ഷം രൂപയാണ് താത്കാലിക ഫീസായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പുഷ്പഗിരി ഡെന്റൽ കോളേജിന് 2015 മുതൽ 2018 വരെയുള്ള വർഷങ്ങളിൽ 3.63 ലക്ഷം രൂപ ഫീസ് ഈടാക്കാമെന്ന് 2015 ൽ മാനേജ്മെന്റ് സർക്കാരുമായി കരാറുണ്ടാക്കിയിട്ടുണ്ട്. ഇതിൽ സ്കോളർഷിപ്പ് വിഹിതം ഒഴിവാക്കിയാൽ തങ്ങൾക്ക് 3.29 ലക്ഷം രൂപ ലഭിക്കുമെന്നും പുതിയ സമിതി നിശ്ചയിച്ച കുറഞ്ഞ ഫീസ് തങ്ങൾക്ക് ബാധകമാക്കരുതെന്നാണ് പുഷ്പഗിരി മാനേജ്മെന്റിന്റെ ആവശ്യം. തുടർന്നാണ് അക്കാര്യം ഓപ്ഷനിൽ വ്യക്തമാക്കാൻ ഹൈക്കോടതി നിർദേശിച്ചത്.

എം.ബി.ബി.എസ് പ്രവേശനം റഗുലറൈസ് ചെയ്യണം

തിരുവനന്തപുരം: മാനേജ്മെന്റ് പ്രവേശനരീതിയിൽ സുതാര്യത കാണിച്ചില്ലെന്ന കാരണം പറഞ്ഞ് മുൻ പ്രവേശന മേൽനോട്ട സമിതി റദ്ദ് ചെയ്ത കണ്ണൂർ മെഡിക്കൽ കോളേജിലെ ഒരു വർഷം പഠനം പൂർത്തീകരിച്ച എം. ബി. ബി. എസ് വിദ്യാർത്ഥികളുടെ പ്രവേശനം സ്ഥിരപ്പെടുത്തണമെന്ന് മെഡിക്കൽ കോളേജ് പാരന്റ് അസോസിയേഷൻ സെക്രട്ടറി സി. പി. മാനു പ്രസ്താവനയിൽ ആവശ്യപ്പെട്ടു. മെഡിക്കൽ കൗൺസിൽ ഒഫ് ഇന്ത്യയുടെ എല്ലാ നിയമങ്ങളും ചട്ടങ്ങളും പാലിച്ച് മെഡിക്കൽ കൗൺസിൽ അംഗീകരിച്ചതും കേരള സർക്കാരും ആരോഗ്യ സർവകലാശാലയും അപ്രൂവ് ചെയ്തതുമായ കോളേജിലാണ് വിദ്യാർത്ഥികൾ പഠനം നടത്തിയത്. മോഡൽ , പ്രാക്ടിക്കൽ പരീക്ഷകൾ പൂർത്തീകരിച്ച വിദ്യാർത്ഥികളെ പരീക്ഷയെഴുതാൻ അനുവദിക്കണം.

സ്വാശ്രയ മെഡി. കൗൺസലിംഗിന് അനുമതി; സർക്കാരിന് ആശ്വാസം

■ സ്വാശ്രയ ലോബി സുപ്രീംകോടതിയിലേക്ക്

▸എം.എച്ച്. വിഷ്ണു

KAUMUDI EXCLUSIVE

തിരുവനന്തപുരം: സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശന കൗൺസലിംഗ് നടപടികൾ തുടരാൻ ഹൈക്കോടതി അനുമതി നൽകിയത് സർക്കാരിന് ആശ്വാസമായി.

അതേസമയം, സ്വാശ്രയ ഓർഡിനൻസിലെ ചട്ടങ്ങൾ പാലിക്കാതെ നിശ്ചയിച്ച ഫീസിനെതിരെ സുപ്രീംകോടതിയെ സമീപിക്കുകയാണ് കെ. എം. സി. ടി, എറണാകുളം ശ്രീനാരായണ, കരുണ, പി. കെ. ദാസ് കോളേജുകൾ. 2014 -15ൽ എം.ഇ.എസിനായി 3.36 ലക്ഷം രൂപ ഫീസ് നിശ്ചയിച്ച ഉത്തരവിനെ അടിസ്ഥാനമാക്കി ഏകപക്ഷീയമായാണ് ജസ്റ്റിസ് രാജേന്ദ്ര ബാബു സമിതി അഞ്ച്‌ലക്ഷം രൂപ ഫീസ് നിശ്ചയിച്ചതെന്നാണ് ആക്ഷേപം.

കോളേജ് നിൽക്കുന്ന ഭൂമിയുടെ വിലയടക്കം ഏഴ് ഘടകങ്ങൾ പരിഗണിച്ചും, ഓരോ കോളേജിന്റെയും വാദങ്ങൾ കേട്ടും ഫീസ് നിശ്ചയിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടില്ലെന്നും. എന്നാൽ, കണക്കകളും രേഖകളും പരിശോധിച്ചാൽ ഫീസ് നിർണയത്തിന് സമയമെടുക്കുമെന്നാണ് സർക്കാർ വിശദീകരണം.

കൗൺസലിംഗ് നടത്താമെന്നാണ് ഹൈക്കോടതി ഉത്തരവിലുള്ളതെങ്കിലും, സർക്കാരുമായി കരാറൊപ്പിടാൻ സ്വാശ്രയ മെഡിക്കൽ കോളേജുകൾ തയ്യാറല്ല. അഞ്ച് ലക്ഷം താത്കാലിക ഫീസാണെന്നാണ് ഉത്തരവിലുള്ളത്. നിശ്ചിത ഫീസില്ലാത്തതിനാൽ കരാറിന് പ്രസക്തിയില്ലെന്നാണ് കോളേജുകൾക്ക് കിട്ടിയ നിയമോപദേശം.

ചെലവുകൾ പരിശോധിക്കാൻ ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ പാനലിനെ നിശ്ചയിക്കണമെന്നും, അവരുടെ റിപ്പോർട്ട് കിട്ടിയ ശേഷം അന്തിമഫീസ് നിശ്ചയിച്ചാൽ മതിയെന്നും സുപ്രീംകോടതിയിൽ ആവശ്യപ്പെടുമെന്ന് സ്വാശ്രയ മെഡി. കോളേജ് മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് ഡോ. കെ.എം. നവാസ് പറഞ്ഞു.

അതിനിടെ, സർക്കാരുമായി ഇനി കേസിനില്ലെന്ന് ഇന്റർചർച്ച് കൗൺസിൽ അറിയിച്ചു. പുഷ്പഗിരി, ജൂബിലി, അമല, കോഴഞ്ചേരി മെഡിക്കൽ കോളേജുകൾ അഞ്ച് ലക്ഷം രൂപ ഫീസിൽ പ്രവേശനം നടത്തുമെന്ന് ഇന്റർചർച്ച് കോളേജ് ഫെഡറേഷൻ കോ-ഓർഡിനേറ്റർ പി.ജി ഇഗ്നേഷ്യസ് പറഞ്ഞു. പുഷ്പഗിരി ഡെന്റൽ കോളേജിൽ ഹൈക്കോടതി നിശ്ചയിച്ച 3.29 ലക്ഷം രൂപ ഫീസ് പ്രകാരം പ്രവേശനം നടത്തും.

ആദ്യ അലോട്ട്മെന്റിൽ 8 ഗവ. കോളേജുകൾ

എം. ബി. ബി. എസ് പ്രവേശനത്തിനുള്ള ആദ്യ അലോട്ട്മെന്റിൽ എട്ട് സർക്കാർ മെഡിക്കൽ കോളേജുകൾ മാത്രമാണുണ്ടാവുകയെന്ന് എൻട്രൻസ് കമ്മിഷണറേറ്റ് അറിയിച്ചു.

സർക്കാരിന്റെ ഫീസ് ഘടന ഇന്റർചർച്ച് കൗൺസിൽ അംഗീകരിച്ചെങ്കിലും ആദ്യ അലോട്ട്മെന്റിൽ നാല് കോളേജുകളെയും ഉൾപ്പെടുത്തിയിട്ടില്ല. കഴിഞ്ഞ വർഷത്തെ ഫീസ് തുടരാമെന്ന് അറിയിച്ച എം.ഇ.എസ്, കാരക്കോണം മെഡിക്കൽ കോളേജുകളും ആദ്യ അലോട്ട്മെന്റിലുണ്ടാവില്ല. ആഗസ്റ്റ് 31 നാണ് മെഡിക്കൽ പ്രവേശനം പൂർത്തിയാക്കേണ്ടത്.

'ടു മിനിട്ട്സ് ന്യൂഡിൽസ് പോലെ എളുപ്പമല്ല'

കൊച്ചി : സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് നിർണയം ടു മിനിട്ട് ന്യൂഡിൽസ് പോലെ എളുപ്പം കൈകാര്യം ചെയ്യാവുന്ന വിഷയമല്ലെന്ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ചൂണ്ടിക്കാട്ടി.

സ്വാശ്രയ മെഡിക്കൽ പ്രവേശന ഓർഡിനൻസിന്റെ പോരായ്മകൾ പരിഹരിച്ച് പുതിയ ഓർഡിനൻസ് ഇറക്കിയത് ജൂലായ് 12 നാണ്. സർക്കാർ മനസിരുത്തുകയും വിവിധ വകുപ്പുകൾ ഏകോപനത്തോടെ പ്രവർത്തിക്കുകയും ചെയ്തിരുന്നെങ്കിൽ ഇത് ആദ്യമേ ചെയ്യാമായിരുന്നു. മുൻ ഓർഡിനൻസിലെ തെറ്റുകൾ ഗൗരവമുള്ളതാണ്. ഇവ അറിയാതെ സംഭവിച്ചതാണെന്ന് കരുതാനാവില്ല. സമയബന്ധിതമായി ഇറക്കിയിരുന്നെങ്കിൽ നിയമനടപടികളുടെ ആവശ്യമുണ്ടാവില്ലായിരുന്നു. സമയവും ലാഭിക്കാമായിരുന്നു.

എം.സി.ഐ മേൽനോട്ട സമിതിക്ക് രൂപം നൽകണം: സുപ്രീംകോടതി

ന്യൂഡൽഹി: മെഡിക്കൽ കൗൺസിൽ ഒഫ് ഇന്ത്യയുടെ ഭരണപരമായ ചുമതലകൾ വഹിക്കുന്നതിനുള്ള മേൽനോട്ട സമിതിക്ക് ഉടൻ രൂപം നൽകണമെന്ന് സുപ്രീംകോടതി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. ജസ്റ്റിസ് ആർ.എം. ലോധയുടെ അദ്ധ്യക്ഷതയിലുള്ള മേൽനോട്ട സമിതിയുടെ കാലാവധി അവസാനിക്കുന്ന പശ്ചാത്തലത്തിലാണ് ചീഫ് ജസ്റ്റിസ് ജെ.എസ് . ഖേഹാർ അദ്ധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബെഞ്ചിന്റെ നിർദ്ദേശം. മേൽനോട്ട സമിതി അംഗങ്ങളുടെ പേരുകൾ ഇന്ന് സമർപ്പിക്കുമെന്ന് കേന്ദ്രം അറിയിച്ചു.

സൂചി കൊണ്ടെടുക്കേണ്ടത് തൂമ്പ കൊണ്ടെടുക്കുന്നു: ചെന്നിത്തല

തിരുവനന്തപുരം: സൂചികൊണ്ടെടുക്കേണ്ടത് തൂമ്പകൊണ്ടെടുക്കുന്ന സർക്കാരാണ് കേരളത്തിലേതെന്ന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല. പനിമൂലം ജനങ്ങൾ മരിച്ചുവീഴുമ്പോൾ നഴ്സുമാരെ സമരത്തിലേക്ക് തള്ളിവിടുകയായിരുന്നു. സ്വാശ്രയ മെഡിക്കൽ ഫീസ് വർദ്ധനയിലൂടെ പാവപ്പെട്ടവർക്ക് പഠിക്കാനുള്ള അവസരം നിഷേധിക്കുകയും ചെയ്തു സർക്കാർ. പാൽക്കുളങ്ങര പതിനാറാം നമ്പർ ബൂത്തിലെ കോൺഗ്രസ് കുടുംബസംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തിരുവനന്തപുരം നഗരം ഇപ്പോൾ ഒരു കൊതുകു വളർത്തൽ കേന്ദ്രമായി മാറിയിരിക്കുകയാണെന്നും രമേശ് ചെന്നിത്തല പറഞ്ഞു.

തൊഴിലാളികളെ പിരിച്ചുവിടുന്നത് എൽ. ഡി. എഫ് നയമല്ല: വി. എസ്

തിരുവനന്തപുരം: തൊഴിലാളികളെ പിരിച്ചുവിടുകയെന്നത് എൽ. ഡി. എഫ് ഗവൺമെന്റിന്റെ നയമല്ലെന്ന് ഭരണപരിഷ്കാര കമ്മിഷൻ ചെയർമാൻ വി. എസ്. അച്യുതാനന്ദൻ പറഞ്ഞു.

കെ. എസ്. ആർ. ടി. സി പിരിച്ചുവിട്ട താത്കാലിക ജീവനക്കാരെ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ട് എം പാനൽ കൂട്ടായ്മ സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച ശയനപ്രദക്ഷിണ സമരം സെക്രട്ടേറിയറ്റിനു മുന്നിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സി.ഐ.ടി.യു അസോസിയേഷൻ മുൻ ജനറൽ സെക്രട്ടറി ജോസ് ജേക്കബ്, കെ. എസ്. ടി. ഇ. യു സംസ്ഥാന ജനറൽ സെക്രട്ടറി എം.ജി. രാഹുൽ, വെൽഫെയർ അസോസിയേഷൻ ജനറൽ സെക്രട്ടറി വി. ഹരിദാസ്, എം പാനൽ കൂട്ടായ്മ സംസ്ഥാന പ്രസിഡന്റ് എം. ഡി. ജോഷി, സംസ്ഥാന ജനറൽ സെക്രട്ടറി ദിനേഷ് ബാബു എന്നിവർ പങ്കെടുത്തു.

കെ.എസ്. ആർ.ടി.സിയിൽ നിന്ന് പിരിച്ചുവിട്ട താത്കാലിക ജീവനക്കാരെ തിരിച്ചെടുക്കുക, ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം പൂർണമായും പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് കെ.എസ്. ആർ.ടി.സി എം പാനൽ കൂട്ടായ്മ സംസ്ഥാന കമ്മിറ്റി സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിയ ശയനപ്രദക്ഷിണ സമരം

തസ്തികനിർണയം: അദ്ധ്യാപകരുടെ രാപകൽ സമരം

തിരുവനന്തപുരം: അദ്ധ്യാപക തസ്തിക നിർണയത്തിലെ അപാകതകൾക്കെതിരെ സംയുക്ത അദ്ധ്യാപക സമിതി 19 ന് സെക്രട്ടേറിയറ്റിന് മുന്നിൽ രാപകൽ സമരം നടത്തും.

സർവീസിലിരിക്കുന്ന അദ്ധ്യാപകരെ പിരിച്ചുവിടാനുള്ള ഉത്തരവ് പിൻവലിക്കുക, ജോലിസംരക്ഷണവും ശമ്പളവും നിലനിറുത്തുക, അന്യായമായ സ്ഥലം മാറ്റം അവസാനിപ്പിക്കുക, ഹയർ സെക്കൻഡറിയിലെ സ്ഥിരം തസ്തികയിലെ ഗസ്റ്റ് നിയമന ഉത്തരവ് പിൻവലിക്കുക, വി.എച്ച്.എസ്.ഇയിലെ അരക്ഷിതാവസ്ഥ അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് സമരം.

19 ന് രാവിലെ 10 ന് രമേശ് ചെന്നിത്തല സമരം ഉദ്ഘാടനം ചെയ്യും. ഉമ്മൻചാണ്ടി, എം.കെ. മുനീർ തുടങ്ങിയവർ പ്രസംഗിക്കും.

എൻ.സി.എ ഒഴിവ് : മാതൃവിജ്ഞാപനത്തിലെ യോഗ്യതയും പരിഗണിക്കും

തിരുവനന്തപുരം: എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ മാതൃവിജ്ഞാപനത്തിനു ശേഷം സ്പെഷ്യൽ റൂൾ ഭേദഗതിയുണ്ടായാൽ, സ്പെഷ്യൽ റൂൾ ഭേദഗതിയനുസരിച്ചുള്ള യോഗ്യത ഒന്നാം യോഗ്യതയായും ഈ യോഗ്യതക്കാരുടെ അഭാവത്തിൽ മാതൃവിജ്ഞാപനപ്രകാരമുള്ള യോഗ്യതയും പി. എസ്. സി പരിഗണിക്കും. ഇക്കാര്യം വിജ്ഞാപനങ്ങളിൽ ചേർക്കാൻ പി. എസ്. സി യോഗം ഇന്നലെ തീരുമാനിച്ചു .

എൻ. സി. സി വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 (കാറ്റഗറി 439/2014) തസ്തികയ്ക്ക് ഡിക്ടേഷൻ ടെസ്റ്റും ഇന്റർവ്യൂവും നടത്തും. മറ്റ് ഇന്റർവ്യൂകൾ: വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ അസിസ്റ്റന്റ് നാച്ചറൽ സയൻസ് (മലയാളം മീഡിയം) തസ്തികമാറ്റം വഴിയുള്ള നിയമനം. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ ഫിസിക്കൽ എഡ്യൂക്കേഷൻ (കാറ്റഗറി 477/2016) എൻ. സി.എ വിശ്വകർമ്മ. കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനിൽ ഗാർഡ് (വിമുക്ത ഭടൻമാർ) എൻ.സി.എ - എസ്.സി (കാറ്റഗറി 012/2017) . ഇന്റർവ്യൂവിനു മുന്നോടിയായി ശാരീരിക അളവെടുപ്പും സൈക്ലിംഗ് ടെസ്റ്റും നടത്തും.

വിളംബരം

എൻജിനിയറിംഗ്, ഫാർമസി: റദ്ദാക്കാം

തിരുവനന്തപുരം: എൻജിനിയറിംഗ്, ആർക്കിടെക്ചർ, ഫാർമസി കോഴ്സുകളിൽ പ്രവേശനം നേടിയവർക്ക് താത്പര്യമില്ലെങ്കിൽ 19ന് ഉച്ചയ്ക്ക് ഒരു മണിക്കകം ടി.സി വാങ്ങാൻ അവസരമുണ്ടെന്ന് എൻട്രൻസ് കമ്മിഷണർ അറിയിച്ചു. പ്രവേശനം റദ്ദാക്കാനുള്ള അപേക്ഷ എൻട്രൻസ് കമ്മിഷണറേറ്റിൽ സ്വീകരിക്കില്ല. 20ന് പ്രസിദ്ധീകരിക്കുന്ന മൂന്നാം അലോട്ട്മെന്റ് ലഭിക്കുന്നവർ നിർബന്ധമായി പ്രവേശനം നേടണം. പ്രവേശനം നേടാത്തവർക്ക് എൻട്രൻസ് കമ്മിഷണർക്ക് അടച്ച ഫീസ് തിരികെ നൽകില്ല. മൂന്നാം അലോട്ട്മെന്റിൽ പങ്കെടുക്കുന്നവർ ഹയർ ഓപ്ഷനുകൾ മാത്രം നിലനിറുത്തണം. ഫോൺ- 0471 2339101, 2339102, 2339103, 2339104

എം.ബി.ബി.എസ്/ ഡെന്റൽ പ്രവേശനം

തിരുവനന്തപുരം: എം.ബി.ബി. എസ്, ബി.ഡി.എസ് സ്വാശ്രയ മെഡിക്കൽ ഡെന്റൽ കോളേജുകളിൽ ഒന്നാംഘട്ട അലോട്ട്മെന്റ് ലിസ്റ്റ് 20ന് പ്രസിദ്ധീകരിക്കും. 23ന് ന്യൂനപക്ഷ ക്വോട്ടയുടെയും എൻ. ആർ. ഐ ക്വോട്ടയുടെയും സർട്ടിഫിക്കറ്റുകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം ഇറക്കും. 24 മുതൽ ആഗസ്റ്റ് 2 വരെ ഇവയുടെ രേഖകൾ സമർപ്പിക്കാം. മൂന്നു മുതൽ ആറു വരെ തീയതികളിൽ രേഖകളുടെ സൂക്ഷ്മ പരിശോധന നടത്തും. 6ന് പരാതികൾ കേൾക്കും. 7ന് രണ്ടാംഘട്ട അനുബന്ധ കോഴ്സുകളുടെ വിജ്ഞാപനം പുറപ്പെടുവിക്കും. ആഗസ്റ്റ് 8ന് ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം സജ്ജമാകും. ആഗസ്റ്റ് 10ന് ന്യൂനപക്ഷ/ എൻ.ആർ.ഐ അന്തിമലിസ്റ്റ് പ്രസിദ്ധപ്പെടുത്തും. 19 മുതൽ 24 വരെ സമയങ്ങളിൽ അലോട്ട്മെന്റ് ലഭിച്ചവർ പ്രവേശനം നേടണം.

ജനറൽ നഴ്സിംഗ് അപേക്ഷ 31 വരെ

തിരുവനന്തപുരം: പട്ടികവിഭാഗത്തിൽപ്പെട്ടവർക്കായി വേണ്ടിയുള്ള തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജുകളിൽ ജി.എൻ.എം കോഴ്സിന് അപേക്ഷ 31 വരെ ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ആഗസ്റ്റ് എട്ടിനു മുമ്പ് തിരുവനന്തപുരത്തുള്ള മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ ലഭിക്കണം.

പോളിടെക്നിക് അഡ്മിഷൻ: ആദ്യ അലോട്ട്മെന്റ് ഇന്ന്

തിരുവനന്തപുരം

പോളിടെക്നിക് പ്രവേശനത്തിന്റെ ആദ്യ അലോട്ട്മെന്റും അന്തിമ റാങ്ക് ലിസ്റ്റും www.polyadmission.org ൽ ഇന്ന് പ്രസിദ്ധീകരിക്കും. ഒന്നാമത്തെ ഓപ്ഷൻ അലോട്ട്മെന്റ് ലഭിച്ചവർ പ്രവേശനം കിട്ടിയ സ്ഥാപനങ്ങളിൽ ലഭിച്ച ബ്രാഞ്ചിൽ പ്രവേശനം നേടണം. ഇല്ലെങ്കിൽ പ്രവേശന പ്രക്രിയയിൽ നിന്നു പുറത്താകും. ബ്രാഞ്ചുമാറ്റമോ സ്ഥാപനമാറ്റമോ ലഭ്യമാകില്ല. 18 ന് രാവിലെ 10 മുതൽ 21 ന് വൈകിട്ട് 5 വരെ പ്രവേശനം നേടാം. ഒന്നാമത്തെ ഓപ്ഷൻ ലഭ്യമായില്ല എന്നാൽ കിട്ടിയ ഓപ്ഷൻ (ബ്രാഞ്ചും സ്ഥാപനവും) തൃപ്തികരമാണെങ്കിൽ അവർക്കും പ്രവേശനം കിട്ടിയ സ്ഥാപനത്തിലും ബ്രാഞ്ചിലും അഡ്മിഷനെടുക്കാം. ഈ വിഭാഗക്കാർക്കും ബ്രാഞ്ചുമാറ്റത്തിനോ സ്ഥാപനമാറ്റത്തിനോ അർഹതയില്ല. പ്രവേശനം നേടിക്കഴിഞ്ഞാൽ അവരുടെ മറ്റ് ഓപ്ഷനുകൾ റദ്ദാകും.

ഇപ്പോൾ കിട്ടിയ അലോട്ട്മെന്റിൽ തൃപ്തരല്ല, ഉയർന്ന ഓപ്ഷനുകൾ മാത്രം മതിയെങ്കിൽ അവർക്ക് ഏറ്റവും അടുത്ത സർക്കാർ/ എയിഡഡ് പോളിടെക്നിക്കുകളിൽ പോയി ഉയർന്ന ഓപ്ഷനുകൾ അതേപടിയോ മാറ്റം വരുത്തിയോ രജിസ്റ്റർ ചെയ്യാം. അലോട്ട്മെന്റ് കിട്ടുന്ന മുറയ്ക്ക് അഡ്മിഷൻ നേടാം. ഇപ്പോൾ കിട്ടിയ ഓപ്ഷൻ നിലനിറുത്തി ഉയർന്ന ഓപ്ഷനുകൾക്ക് ശ്രമിക്കണമെങ്കിൽ ഏതെങ്കിലും അടുത്ത ഗവണ്മെന്റ്/ എയിഡഡ് പോളിടെക്നിക്കുകളിൽ പോയി ടി.സി ഒഴികെയുള്ള എല്ലാ അസൽ സർട്ടിഫിക്കറ്റുകളും(അപേക്ഷയോടൊപ്പം സമർപ്പിച്ച പകർപ്പുകളുടെ ഒറിജിനൽ) സമർപ്പിച്ച് രജിസ്റ്റർ ചെയ്യാം. അവർക്ക് പ്രവേശനം ലഭിക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ രീതിയിൽ അഡ്മിഷൻ ലഭിച്ച സ്ഥാപനങ്ങളിൽ പോയി ടി. സി, രജിസ്ട്രേഷൻ സ്ലിപ്, എന്നിവ സഹിതം മുഴുവൻ ഫീസും അടച്ച് പ്രവേശനം നേടാം. സർട്ടിഫിക്കറ്റുകൾ പ്രവേശന കാർഡ് എന്നിവ കാണിച്ച് രജിസ്റ്റർ ചെയ്ത കോളേജിൽ നിന്നു വാങ്ങി പ്രവേശനം നേടിയ കോളേജിൽ ഏൽപ്പിക്കണം. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് അടുത്ത അലോട്ട്മെന്റുകളിൽ ഉയർന്ന ഓപ്ഷനുകൾ ലഭ്യമായാൽ പ്രവേശനം നേടാം. അടുത്ത അലോട്ട്മെന്റുകളിൽ രജിസ്ട്രേഷൻ തുടർന്നും നിലനിർത്തി ഇഷ്ടപ്പെട്ട ഓപ്ഷൻ കിട്ടുന്നതുവരെ തുടരാം. അന്തിമ അലോട്ട്മെന്റിൽ ഉൾപ്പെട്ട എല്ലാവരും കിട്ടിയ സ്ഥാപനത്തിൽ ലഭിച്ച ബ്രാഞ്ചിൽ പ്രവേശനം നേടണം.

കെ-ടെറ്റ് : 19 വരെ അപേക്ഷിക്കാം

കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് (കെ-ടെറ്റ്) ആഗസ്റ്റ് 12, 19 തീയതികളിൽ നടത്തും. അപേക്ഷ ഓൺലൈനായി 19 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ www.keralapareekshabhavan.in ൽ.

നവോദയ പ്രവേശന പരീക്ഷാഫലം

പാലോട് ചെറ്റച്ചൽ ജവഹർ നവോദയ വിദ്യാലയത്തിൽ 2017-18 അദ്ധ്യയന വർഷത്തേക്കുള്ള ആറാം ക്ലാസ് പ്രവേശന പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പ്രവേശനം ലഭിച്ച കുട്ടികളുടെ രക്ഷാകർത്താക്കൾ 20 നു രാവിലെ ഒമ്പതരയ്ക്ക് വിദ്യാലയത്തിൽ നേരിട്ടെത്തി ഫോമുകൾ പൂരിപ്പിച്ച് നൽകണം. www.navodayatrivandrum.gov.in ലും ഫോമുകൾ ലഭിക്കും. ഫോൺ : 0472 -2859664.

പി.എസ്.സി

www.keralapsc.gov.in

തിരുത്ത്

ജൂലായ് 15 തീയതിയിലെ പി.എസ്.സി. ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ച ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് ജൂലായ് 2017 ന്റെ ടൈംടേബിളിൽ അച്ചടിച്ചിരുന്ന ഗസറ്റ് നമ്പർ 941 എന്നും ഗസറ്റ് തീയതി 08.05.2017 എന്നും 27.07.2017 ശനി എന്നത് 27.07.2017 വ്യാഴം എന്നും 30.01.2017 എന്നത് 31.07.2017 എന്നും തിരുത്തി വായിക്കണം.

ഇന്റർവ്യൂ

കാറ്റഗറി നമ്പർ 8/2012 പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ സർവീസിൽ ട്യൂട്ടർ ടെക്നീഷ്യൻ തസ്തികയ്ക്ക് 21, 26, 27, 28 തീയതികളിലും കാറ്റഗറി നമ്പർ 9/2012 പ്രകാരം വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (മെക്കാനിക്ക്-അഗ്രികൾച്ചറൽ മെഷിനറി) തസ്തികയ്ക്ക് 20നും കാറ്റഗറി നമ്പർ 64/2014 പ്രകാരം പ്ലാന്റേഷൻ കോർപ്പറേഷൻ ഒഫ് കേരള ലിമിറ്റഡിൽ അസിസ്റ്റന്റ് മാനേജർ തസ്തികയ്ക്ക് 26, 27, 28 തീയതികളിലും കാറ്റഗറി നമ്പർ 276 /2014 പ്രകാരം കേരള സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ (സിഡ്കോ) ഫോർമാൻ (പ്രഷർ ഡൈ കാസ്റ്റിംഗ് യൂണിറ്റ്) തസ്തികയ്ക്ക് 16.02.2017 ൽ പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കും കാറ്റഗറി നമ്പർ 353/2012 പ്രകാരം പ്ലാന്റേഷൻ കോർപ്പറേഷൻ ഒഫ് കേരള ലിമിറ്റഡിൽ ലാബ് ടെക്നിഷ്യൻ കം ജൂനിയർ അസിസ്റ്റന്റ് തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കും 28 നും കേരള പബ്ലിക് സർവീസ് കമ്മിഷൻ തിരുവനന്തപുരം ആസ്ഥാന ഓഫീസിൽ ഇന്റർവ്യൂ നടത്തും. കൂടുതൽ വിവരങ്ങൾക്ക് ഒ.ടി.ആർ. പ്രൊഫൈൽ സന്ദർശിക്കുക.

സർവകലാശാല വാർത്തകൾ

കേരള
www.keralauniversity.ac.in

ബി.പി.എ പരീക്ഷാഫലം

ആറാം സെമസ്റ്റർ ബി.പി.എ (വോക്കൽ, വീണ, വയലിൻ, മൃദംഗം, ഡാൻസ്) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് എട്ട് വരെ അപേക്ഷിക്കാം.

ബി.എ ഓണേഴ്സ് പരീക്ഷ

ആഗസ്റ്റിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ പരീക്ഷയ്ക്ക് പിഴ കൂടാതെ 20 (50 രൂപ പിഴയോടെ 24, 125 രൂപ പിഴയോടെ 26) വരെ ഫീസടച്ച് അപേക്ഷിക്കാം.

ബി.എ ഫലം

ആറാം സെമസ്റ്റർ ബി.എ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (റീസ്ട്രക്ചേർഡ്) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് ഒന്ന് വരെ അപേക്ഷിക്കാം.

ബി.എസ്‌സി ഫലം

ആറാം സെമസ്റ്റർ ബി.എസ്‌സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് രണ്ടു വരെ ഓൺലൈനായി അപേക്ഷിക്കാം.

പ്രോജക്ട് സമർപ്പിക്കണം

വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന ബി.ബി.എ (എസ്.ഡി.ഇ) 2014-17 ബാച്ച് ആറാം സെമസ്റ്റർ പ്രോജക്ട് 31-നകം പാളയം എസ്.ഡി.ഇ കേന്ദ്രത്തിൽ കോർഡിനേറ്ററിന് സമർപ്പിക്കണം.

ബി.എ ഫലം

ബി.എ (ആന്വൽ) പരീക്ഷയുടെ ഇംഗ്ലീഷ്, ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് വിഷയങ്ങളുടെയും സബ്സിഡിയറി വിഷയങ്ങളുടെയും ഫലം വെബ്സൈറ്റിൽ.

ബി.കോം ഫലം

പാർട്ട് മൂന്ന് ബി.കോം ആന്വൽ സ്കീം മൂന്നാം വർഷ പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 31 വരെ അപേക്ഷിക്കാം.

എം.ജി
www.mgu.ac.in

പി.ജി ഓൺലൈൻ രജിസ്ട്രേഷൻ

പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്കുകൂടി അവസരം നൽകുന്നതിനായി സർക്കാർ/എയ്ഡഡ്/ സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഏകജാലകം വഴിയുള്ള ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ 31 വരെ നീട്ടി. സർവകലാശാല നേരിട്ട് ഏകജാലക സംവിധാനത്തിലൂടെ മെരിറ്റ് സീറ്റുകളിലേക്കും, എസ്.സി/എസ്.ടി/എസ്.ഇ.ബി.സി/ഇ. ബി.എഫ്.സി. സംവരണ സീറ്റുകളിലേക്കുമുള്ള അലോട്ട്മെന്റ് നടത്തും. ഓൺലൈൻ രജിസ്ട്രേഷൻ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ PGCAP എന്ന ലിങ്കിൽ പ്രവേശിച്ച് നടത്താം.

എം. കോം ഓഫ് കാമ്പസ് വൈവാവോസി

എം. കോം ഓഫ് കാമ്പസ് (സപ്ലിമെന്ററി/ മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകളുടെ പ്രോജക്ട് ഇവാല്യൂവേഷൻ/ വൈവാ വോസി എന്നിവ എല്ലാ ജില്ലകളിലും രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്കായി 18, 19 തീയതികളിൽ സർവ്വകലാശാലയിലെ സിൽവർ ജൂബിലി പരീക്ഷാഭവനിലെ 201-ാം മുറിയിൽ നടത്തും. വിദ്യാർത്ഥികൾ ഹാൾടിക്കറ്റും തിരിച്ചറിയിൽ രേഖകളും സഹിതം ഹാജരാകണം.

പ്രൊജക്ട്, വൈവാവോസി

നാലാം സെമസ്റ്റർ എം. എസ്‌സി ആക്ച്വറിയൽ സയൻസ്, (സി. എസ്. എസ് - റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷകളുടെ പ്രോജക്ട്, വൈവാ വോസി എന്നിവ 19 ന് അതത് കോളേജുകളിൽ നടത്തും. നാലാം സെമസ്റ്റർ എം. എസ്‌സി ബയോടെക്നോളജി (സി. എസ്. എസ് - റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷകളുടെ പ്രോജക്ട്, വൈവാ വോസി എന്നിവ 20 ന് അതത് കോളേജുകളിൽ നടത്തും. നാലാം സെമസ്റ്റർ എം. എ സോഷ്യോളജി (സി. എസ്. എസ് - 2015 അഡ്മിഷൻ റഗുലർ/2012, 2013, 2014 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ വൈവാ വോസി, ഡിസേർട്ടേഷൻ എന്നിവ 25, 26 തീയതികളിൽ കോട്ടയം സി. എം. എസ്. കോളേജിൽ നടത്തും.

പരീക്ഷാഫലം

മൂന്നാം സെമസ്റ്റർ എം. ബി. എ (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ 31 വരെ സ്വീകരിക്കും.

ഒന്നു മുതൽ നാലു വരെ സെമസ്റ്റർ ബി. എസ്‌സി. കംപ്യൂട്ടർ സയൻസ് (മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ 29 വരെ സ്വീകരിക്കും.

എം. കോം സൂക്ഷ്മ പരിശോധന

ഒന്നാം സെമസ്റ്റർ എം. കോം (സി. എസ്. എസ്) ഡിഗ്രി പരീക്ഷകളുടെ ഉത്തരക്കടലാസ് സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷിച്ചവർ 21, 22 തീയതികളിൽ ഹാൾടിക്കറ്റോ തിരിച്ചറിയിൽ രേഖയോ സഹിതം പരീക്ഷാഭവനിലെ 226-ാം മുറിയിൽ ഹാജരാകണം.

സംവരണ സീറ്റൊഴിവ്

സ്കൂൾ ഒഫ് കമ്പ്യൂട്ടർ സയൻസസിൽ എം. എസ്‌സി. കംപ്യൂട്ടർ സയൻസ് കോഴ്സിൽ എസ്. സി/എസ്. ടി വിഭാഗങ്ങളിൽ ഓരോ സീറ്റൊഴിവുണ്ട്. യോഗ്യതയുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി 21 ന് രാവിലെ 10 മണിക്ക് ഓഫീസിൽ ഹാജരാകണം. ഫോൺ: 0481 2731037. സ്കൂൾ ഒഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ എം. എസ്‌സി. കോഴ്സിന് എസ്.ടി വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായ വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകളുമായി 20 ന് വൈകുന്നേരം 5 മണിക്കുള്ളിൽ സ്കൂൾ ഒഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ ഹാജരാകണം. വിശദവിവരങ്ങൾ www.mgu.ac.in ൽ.

പ്രാക്ടിക്കൽ പരീക്ഷ

എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്‌സി അപ്ലൈഡ് ഫിഷറീസ് ആൻഡ് അക്വാകൾച്ചർ (സി. എസ്. എസ്) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ 18ന് ആരംഭിക്കും. തൃപ്പൂണിത്തുറ ആർ. എൽ. വി കോളേജിൽ 2017 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി. എ മ്യൂസിക്-വോക്കൽ (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ കോർ, കോംപ്ലിമെന്ററി പ്രാക്ടിക്കൽ 18 മുതൽ 21 വരെ ആർ. എൽ. വി കോളേജിലും എറണാകുളം മഹാരാജാസ് കോളേജിലെ രണ്ട്, മൂന്ന്, നാല് സെമസ്റ്റർ ബി. എ മ്യൂസിക് വോക്കൽ കോർ, സപ്ലിമെന്ററി പ്രാക്ടിക്കൽ 24ന് മഹാരാജാസ് കോളേജിലും നടത്തും.

കാലിക്കറ്റ്
www.universityofcalicut.info

എം.എസ്‌സി ഫുഡ് സയൻസ് ആൻഡ് ടെക്നോളജി പ്രവേശനം

സർവകലാശാലാ ഹെൽത്ത് സയൻസ് പഠനവകുപ്പിലെ എം.എസ്‌സി ഫുഡ് സയൻസ് ആൻഡ് ടെക്നോളജി (പ്രവേശന പരീക്ഷ ഇല്ലാത്ത) പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: കാലിക്കറ്റ് സർവകലാശാലയുടെ ബി. എസ്‌സി ഫുഡ് ടെക്നോളജി (പാർട്ട് മൂന്ന് 50 ശതമാനം മാർക്ക്). അപേക്ഷാഫോം വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം. അപേക്ഷാ ഫീസ്: ജനറൽ -300 രൂപ. എസ്.സി/എസ്. ടി-100 രൂപ. പൂരിപ്പിച്ച അപേക്ഷ, ഇ-ചലാൻ രസീത്, രേഖകൾ സഹിതം ഡയറക്ടർ, സ്കൂൾ ഒഫ് ഹെൽത്ത് സയൻസസ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ, 673 635 വിലാസത്തിൽ 27നകം സമർപ്പിക്കണം. വിവരങ്ങൾ www.cuonline.ac.in ൽ. ഫോൺ: 0494 2407345.

മൂല്യനിർണയ ക്യാമ്പ്: ലാകോളേജുകളിൽ ക്ലാസില്ല

നാലാം സെമസ്റ്റർ ബി.ബി.എ-എൽ എൽ. ബി, നാലാം സെമസ്റ്റർ എൽ എൽ. ബി (സപ്ലിമെന്ററി), രണ്ടാം സെമസ്റ്റർ ബി. ബി. എ-എൽ എൽ. ബി റഗുലർ/സപ്ലിമെന്ററി (ഒക്ടോബർ 2016) പരീക്ഷകളുടെ മൂല്യനിർണയ ക്യാമ്പ് 19-ന് ആരംഭിക്കുന്നതിനാൽ 20, 21, 26, 27 തീയതികളിൽ ലാകോളേജുകളിൽ റഗുലർ ക്ലാസുകൾ ഉണ്ടായിരിക്കില്ല.

പരീക്ഷാഫലം

വിദൂര വിദ്യാഭ്യാസം രണ്ടാം സെമസ്റ്റർ ബി.എ/ബി.എ അഫ്സൽ-ഉൽ-ഉലമ/ബി.എ-പി.ഒ.ടി (സി.യു.സി. ബി.സി.എസ്.എസ്) ഏപ്രിൽ 2016 പരീക്ഷാഫലം വെബ്സൈറ്റിൽ.

ഒന്ന്, നാല് വർഷ ബി. എസ്.സി നഴ്സിംഗ് (ഒക്ടോബർ 2016) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിന് 26 വരെ അപേക്ഷിക്കാം.

ഒന്ന്, മൂന്ന് സെമസ്റ്റർ എം.എസ്.സി മൈക്രോബയോളജി (സി. യു. സി. എസ്.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിന് 28 വരെ അപേക്ഷിക്കാം.

ഒന്നാം സെമസ്റ്റർ എം.എസ്‌സി ഫിസിക്സ് (സി.സി.എസ്.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ.

പുനർമൂല്യനിർണയ ഫലം

രണ്ടാം സെമസ്റ്റർ എം.ബി.എ ജൂൺ 2016 പരീക്ഷയുടെ പുനർമൂല്യനിർണയ ഫലം വെബ്സൈറ്റിൽ. ഉത്തരക്കടലാസ് തിരിച്ചറിയാൻ ആഗ്രഹിക്കുന്നവർ 15 ദിവസത്തിനകം പരീക്ഷാഭവനുമായി ബന്ധപ്പെടുക.

കണ്ണൂർ
www.kannuruniversity.ac.in

പ്രൊവിഷണൽ സർട്ടിഫിക്കറ്റ്

ഡിഗ്രി ആറാം സെമസ്റ്റർ വരെയുള്ള പരീക്ഷകൾ വിജയിച്ച എല്ലാ റഗുലർ വിദ്യാർത്ഥികളുടെയും പ്രൊവിഷണൽ സർട്ടിഫിക്കറ്റും പരീക്ഷ എഴുതിയ എല്ലാ വിദ്യാർത്ഥികളുടെയും ഫൈനൽ ഗ്രേഡ് കാർഡുകളും 19ന് കോളേജുകളിൽ എത്തിക്കും.

പരീക്ഷകൾ പുനഃക്രമീകരിച്ചു

24ന് ആരംഭിക്കാനിരുന്ന രണ്ടാം സെമസ്റ്റർ എം. എ, എം. എസ് സി, എം.ബി.എ, എം.സി.ജെ, എം.എൽ. ഐ.എസ്‌സി, എം.സി.എ (സി.സി. എസ്.എസ് - റഗുലർ/സപ്ലിമെന്ററി - പഠനവകുപ്പുമാത്രം - മേയ് 2017), നാലാം സെമസ്റ്റർ എം.സി.എ (ലാറ്ററൽ എൻട്രി - മേയ് 2017) ഡിഗ്രി പരീക്ഷകൾ ആഗസ്റ്റ് 14ന് തുടങ്ങുന്ന വിധത്തിൽ പുനഃക്രമീകരിച്ചു.

പുനർമൂല്യനിർണയ ഫലം

നവംബർ 2015-ൽ നടത്തിയ ഒന്നാം സെമസ്റ്റർ ബിരുദ പരീക്ഷകളുടെ പുനർമൂല്യനിർണയഫലം വെബ്സൈറ്റിൽ. ഗ്രേഡിലോ ഗ്രേഡ് പോയിന്റിലോ മാർക്കിലോ മാറ്റമുള്ളവർ റിസൽട്ട് മെമ്മോയുടെ ഡൗൺലോഡ് ചെയ്ത പകർപ്പും മാർക്കലിസ്റ്റും സഹിതം ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനിൽ സമർപ്പിക്കണം.

പരീക്ഷാഫലം

മൂന്നാം സെമസ്റ്റർ എം. സി.എ പരീക്ഷാഫലം വെബ്സൈറ്റിൽ.